# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2** **10.12.2012 ന് മറുപടിക്ക്**

## ഔദ്യോഗിക ഭാഷ മലയാളം

ചോദ്യം

ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി :
ശ്രീ.പി.ഉബൈദുള്ള
ശ്രീ.സി.മോയിൻകുട്ടി
ശ്രീ.സി.മമ്മൂട്ടി

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഔദ്യോഗികഭാഷ മലയാളമാക്കിയിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും അത് ഇപ്പോഴും പൂർണ്ണതയിലായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-14) അതിന്റെ ഒന്നാമത് റിപ്പോർട്ടിൽ 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം 'ഭരണഭാഷ-മാതൃഭാഷ' എന്ന ഒരു സൂത്രവാക്യത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആചരിക്കുവാനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ തുടക്കം കുറിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ ഒന്നിന് നടത്തുകയുണ്ടായി. ഭരണഭാഷ പൂർണ്ണമായി മലയാളത്തിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (ബി) | അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി, മലയാളം ഭരണഭാഷയായി ഉപയോഗിക്കുമ്പോൾ സർക്കാർ ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വിമുഖത/വൈഷമ്യം എന്നിവയുടെ കാരണങ്ങൾ കണ്ടെത്താൻ അന്വേഷണ പഠനം നടത്താൻ ഐ.എം.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ട് ഉടൻ ലഭ്യമാകുന്നതാണ്. മലയാളം കമ്പ്യൂട്ടിംഗ് പരിശീലന കുറവ് ഇതിന്റെ ഒരു കാരണമായി കണ്ടെത്തിയിട്ടുണ്ട്. മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ലഭിച്ചിട്ടില്ലാത്ത എല്ലാ ജീവനക്കാർക്കും ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി പരിശീലനം നൽകുന്നതാണ്. ഇതിനു ഐ.ടി.മിഷന്റെ സഹായം തേടിയിട്ടുണ്ട്. തഹസീൽദാർമാരുടെ അദ്ധ്യക്ഷതയിലുള്ള താലൂക്ക് സമിതികളും |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ സമിതികളും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാന സമിതിയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും യോഗം ചേർന്ന് ഭാഷാമാറ്റ പ്രവർത്തനങ്ങൾ പരിശോധിച്ചു വരുന്നു. |
| (സി) | സർവ്വീസിലെ ഏറ്റവും താഴ്ന്ന ജീവനക്കാരനുള്ള കുറ്റാരോപണ മെമ്മോ പോലും ഇംഗ്ലീഷ് ഭാഷയിൽ നൽകുന്ന ഓഫീസുകൾ തലസ്ഥാനത്ത് ഉണ്ടെന്ന വസ്തുത ഗൗരവ പൂർവ്വം പരിഗണിച്ച് താഴ്ന്ന ജീവനക്കാർക്കും, സാധാരക്കാർക്കുമുള്ള കത്തുകളെങ്കിലും മലയാളത്തിൽ നൽകണമെന്ന കർശന നിർദ്ദേശം നൽകുമോ ? | (സി) | സർക്കാരിന്റെ എല്ലാ വകുപ്പുകളിലും പ്രത്യേകിച്ച് ഭരണഭാഷ മലയാളമാക്കിയിട്ടുള്ള എല്ലാ സർക്കാർ ഓഫീസുകളിലും നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ നിർബന്ധമായും മലയാളം ഉപയോഗിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾക്ക് മലയാളത്തിൽ മറുപടി നൽകുന്നതിനുള്ള നിർദേശം 7/6/2005 ലെ 5338/ഔ.ഭാ.3/2005/ഉഭപവ നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 9/5/12 ലെ സർക്കാർ ഉത്തരവ്(സാധാരണ) നം.186/2012/ഉഭപവ പ്രകാരം ഔദ്യോഗിക ഭാഷ സംബന്ധമായ ഉത്തരവുകൾ കർശനമായും പാലിക്കണമെന്ന് നിർദേശം നൽകുകയും അപ്രകാരം പാലിക്കാത്ത വകുപ്പുതലവന്മാർ, ജില്ലാ കളക്ടർമാർ സെക്രട്ടറിമാർ എന്നിവരെ സംബന്ധിച്ച വിവരം മേൽ നടപടിക്കായി ചീഫ് സെക്രട്ടറിക്കു നൽകുമെന്നും ഉത്തരവായിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന ഇത്തരം പരാതികളിൽ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ചോദിക്കുകയും കർശന നിദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു. |

Rajesh

**സെക്ഷൻ ഓഫീസർ**